# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## പി കെ ടി ബി എം യു പി സ്ക്കൂൾ

## കൂട്ടായി

## മലപ്പുറം ജില്ല

## PROFILE

| | | |
|---|---|---|
| Name of School | : | PKTBMUP SCHOOL, KUTTAYI |
| Year of Establishment | : | 1979 |
| Name of Village | : | Mangalam |
| Name of Cluster | : | Kuttayi |
| Name of Panchayath | : | Mangalam |
| Name of Block | : | Tirur |
| Name of BRC | : | Tirur |
| Name of District | : | Malappuram |
| Name of Sub District | : | Tirur |
| Name of Head Master | : | Haridas.G |
| Mobile Number | : | 7025686246 |
| Name of Senior Assistant | : | Padmarajan Edathil |
| Mobile Number | : | 9605313697 |
| Email ID | : | pktbmups@gmail.com |
| School Code | : | 19792 |
| Name of Taluk | : | Tirur |
| School Manager | : | Dr. C. Akthar |

# 1. ആമുഖം

1960 മുതൽ തലയുയർത്തി നിൽക്കുന്ന കൂട്ടായി ഹൈസ്കൂൾ തൊട്ടരികത്ത് ഉണ്ടെങ്കിലും കെട്ടിട സമുച്ചയം നോക്കി സങ്കടപൂർവ്വം നെടുവീർപ്പിടാനല്ലാതെ കവാടംതുറന്ന് അകത്തുകടക്കാൻ സമി പവാസികൾക്കുപോലും സാധിച്ചിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ യു പി സ്കൂളിൽ ചേർന്നു പഠിക്കാൻ സാധിക്കാത്തതുകൊണ്ടായിരുന്നു ഈ ദുരവസ്ഥയുണ്ടായത്. യുവതയുടെ സംഗമത്തിൽ ഉയർന്നു വന്ന തീരദേശത്ത് ഒരു യു പി സ്കൂൾ എന്ന ആശയം പ്രാവർത്തികമാക്കാൻ സ്കൂൾ മാനേജരാ യിരുന്ന സി എം ടി അബ്ദുറഹിമാനെയും അദ്ദേഹത്തിന്റെ സുഹൃത്തായ എം കുഞ്ഞുമോനെയും പ്രചോദി തരാക്കി

ശ്രമത്തിന്റെ തുടക്കമെന്ന നിലയിൽ നാട്ടിലെ മുതിർന്നവരുമായും രാഷ്ട്രീയ നേതാക്കളുമായും ഈ ആശയം പങ്കുവെച്ചു. സ്ഥലം എം എൽ എ ജനാബ് പി ടി കുഞ്ഞുട്ടി ഹാജിയുടെ മുമ്പിൽ വിഷയം അവതരിപ്പിച്ചപ്പോൾ നാടിന്റെ പ്രശ്നങ്ങളും പ്രയാസങ്ങളും അറിയാവുന്ന അദ്ദേഹം പ്രത്യേക പരിഗണന നൽകി അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സി എച്ച് മുഹമ്മദ് കോയ സാഹിബിനെ കാര്യം ധരിപ്പിച്ച പ്പോൾ അനൗദ്യോഗികമായ അംഗീകാരവും ലഭിച്ചു. വാടിക്കലിലെ ടിപ്പു സുൽത്താൻ റോഡിന്റെ കിഴക്കു വശത്തു സ്ഥിതിചെയ്യുന്ന തന്റെ സ്വന്തം സ്ഥലത്ത് സ്കൂൾ നിർമ്മിക്കാൻ മാനേജർ ആഗ്രഹിച്ചെങ്കിലും കെ ഇ ആർ അനുവദിക്കാത്തതുകൊണ്ട് റോഡിന്റെ പടിഞ്ഞാറുവശത്ത് ഐസ് പ്ലാന്റിനു വേണ്ടി ചില സ്വകാര്യ വ്യക്തികൾ കരുതി സൂക്ഷിച്ച സ്ഥലത്ത് സ്കൂൾ ആരംഭിക്കുവാൻ സാധിച്ചു.

തന്റെ പിതാവിന്റെ പേരിലാണ് സ്ഥാപനം അിറയപ്പെടേണ്ടതെന്ന് മാനേജർക്ക് നിർബന്ധമുണ്ടാ യിരുന്നു. അദ്ദേഹത്തിന്റെ തറവാട്ടു പേരായ പാലക്കാ വളപ്പിൽ കോയാലിക്കാനകത്ത് തിരുത്തിയിൽ എന്ന തിനോട് ബാവ എന്ന പിതൃ നാമധേയം ചേർക്കുകയും ചെയ്തപ്പോൾ പി കെ ടി ബാവ മെമ്മോറിയൽ എന്ന സുന്ദര നാമധേയമായി മാറുകയും ചെയ്തു.

ഒരു നിയമ പ്രക്രിയയുടെ വിശകലനം സ്കൂളിന്റെ സ്ഥിരാംഗീകാരത്തിന് ഭീഷണിയാകുമോ എന്ന് വരര പേടി തോന്നിച്ചിരുന്നതുകൊണ്ട് കെട്ടിട നിർമ്മാണവും ഉദ്ഘാടനവുംനിർത്തിവെച്ചു. എന്നാൽ വിദ്യാ ഭ്യാസ നിയാ പണ്ഡിതരും പ്രഗത്ഭ അഭിഭാഷകരും ത്തൊരുമിച്ച് പ്രവർത്തിച്ചപ്പോൾ മാനേജർക്കു നേരെ പച്ചക്കൊടിയുയർന്നു. പിന്നീട് താൽക്കാലിക ഷെഡ് നിർമ്മിച്ച് ഉദ്ഘാടനം നടത്താൻ തീരുമാനമാവുകയും ചെയ്തു.

1979 ജൂൺ പിറന്നതോടെ ഉദ്ഘാടന കർമ്മത്തെക്കുറിച്ചുള്ള ചർച്ചയിൽ ലളിതമായ രീതിയിൽ പരിപാടികൾ നടത്താൻ തീരുമാനമായി അന്നത്തെ സാഹചര്യ സമ്മർദ്ദം കൊണ്ട് അധ്യാപകരെ കിട്ടാൻ പ്രയാസമായിരുന്നെങ്കിലും കല്ല്യാണി ടീച്ചർ എത്തിയതോടെ അതിനു പരിഹാരമായി. എൻ കുഞ്ഞിമോന്റെ അധ്യക്ഷതയിൽ അന്നത്തെ വെട്ടം പഞ്ചായത്ത് വൈസ് പ്രസിഡൻഡ് ജനാബ് പി കെ ഹംസ സാഹിബ് സ്കൂൾ ഉദ്ഘാടനം നിർവ്വഹിച്ചു. അനുഗ്രഹ പ്രഭാഷണം കല്ല്യാണി ടീച്ചർ നിർവ്വഹിച്ചു. ആദ്യ വിദ്യാർത്ഥി യായി സ്കൂളിൽ ചേർന്നത് ഈസ്പാടത്ത് ഉസ്സൈൻ ആയിരുന്നു.

കടലും കായലും പുഴയും പരസ്പരം കെട്ടിപ്പിടിച്ച് പൊട്ടിച്ചിരിക്കുന്ന കടലോര ശബ്ദദ വീചികൾ ആസ്വദിച്ചും ടിപ്പു സുൽത്താന്റെ പാദസ്പർശമേറ്റ് പുണ്യമായ രാജവീഥിയുടെ ധന്യത ഉൾകൊണ്ടും കാല ത്തിനു കരുത്തേകുന്ന പി കെ ടി ബി എം യു പി സ്കൂൾ ഇന്ന് മറ്റൊരു മാനേജ്മെന്റിന്റെ കീഴിൽ ശക്തമായി നിലകൊള്ളുന്നു. പാഠ്യപാഠ്യേതര രംഗങ്ങളിൽ ചരിത്രപരമായ പല നേട്ടങ്ങളും കൈവരിക്കാൻ ഈ സ്കൂളിനു സാധിച്ചിട്ടുണ്ട്. കൂട്ടായി ഹൈസ്കൂൾ മാനേജരായ മുഹമ്മദ് യാസിൻ എന്നവരുടെ നേതൃത്വത്തിൽ നല്ല രീതി യിൽ കൂട്ടായിയിലെ നല്ലവരായ നാട്ടുകാരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം നൽകി വരുന്നു.

കലാ കായിക രംഗങ്ങളിൽ ഇതുവരെ ധാരാളം മികച്ചനേട്ടങ്ങൾ നേടിയെടുക്കാനും അക്കാറ്റിക രംഗങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാനും അധ്യാപകരുടെയും രക്ഷിതാക്കളുടെയും നല്ലവരായ നാട്ടു കാരുടെയും സഹകരണത്താൽ സ്കൂളിന് സാധിച്ചു.

മാതൃഭൂമി സീഡിന്റെ ഹരിതവിദ്യാലയ പുരസ്കാരം സ്കൂകൂളിനെ തേടി വന്നതോടെ ഈ വിദ്യാലയം ഒരു ഹരിതവിദ്യാലയമായി മാപ്പ്

1979 ൽ തീരദേശമേഖലയിൽ ആരംഭിച്ച ഈ വിദ്യാലയം ക്രമാനുഗതമായ വളർച്ച നേടി ക്കൊണ്ടി രിക്കുന്നു. 27 വിദ്യാർത്ഥികളുമായി തുടക്കം കുറിച്ച വിദ്യാലയം ഇന്ന് 260 വിദ്യാർത്ഥികളുമായി മുന്നോട്ട് നീങ്ങുന്നു. പാഠ്യ പാഠ്യേതര മേഖലകളിൽ തിളക്കമാർന്ന പ്രകടനം കാഴ്ച വെക്കാൻ സാധിച്ചിട്ടുണ്ട്.

വെറുമൊരു ഓലഷെഢ്ഡിൽ ആരംഭിച്ച വിദ്യാലയം ഇന്ന് കെട്ടുറപ്പുള്ള 10ക്ലാസ്സ് മുറികളും വൃത്തിയുള്ള പാചകശാല, ശുചിമുറികൾ കുടിവെള്ള സൗകര്യം മനോഹരമായ ജൈവവൈവിധ്യ ഉദ്യാനം ഔഷധോദ്യാനം സമ്പുഷ്ടമായ മരത്തണലോടുകൂടിയ തുറന്ന അസംബ്ലി ഹാൾ കമ്പ്യൂട്ടർ പഠനം എന്നിവ യാൽ സമ്പുഷടമാണ്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ ഭൂരിഭാഗവും. മംഗലം പഞ്ചായത്തിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് ഈ വിദ്യാലയമാണ് പരിസ്ഥിതി പ്രവർത്തനം നല്ല രീതിയിൽ നടത്താൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഈ വിദ്യാലയം ഒരു ഹരിത വിദ്യാലയമായി നിലകൊള്ളുന്നു കൂടാതെ കായികരംഗത്ത് നിരവധി തവണ സബ് ജില്ലയിൽ ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്.

## നിലവിലെ ഭൗതിക സാമൂഹിക സാഹചര്യങ്ങൾ

**അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ഈ വിദ്യാലയത്തിലെ നിലവി ലുള്ള ഭൗതിക സാമൂഹിക പശ്ചാത്തലം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ദൗതിക സാമൂഹിക പശ്ചാത്തലം കൂടെ അനുകൂലമാക്കിയാലേ പ്ലാൻ പരിപൂർണ്ണമായും ഫലപ്രാപ്തിയിലെത്തിക്കാൻ സാധിക്കുകയുള്ളു**

| ഇനം | നിലവിലെ സ്ഥിതി | ഇനി ആവശ്യമുള്ളവ |
|---|---|---|
| കെട്ടിടങ്ങൾ | 5 എണ്ണം | |
| ക്ലാസ് മുറി | | |
| (അടച്ചുറപ്പുള്ളത്) | 9 എണ്ണം | 2 എണ്ണം |
| ലൈബ്രറി | | 1 എണ്ണം |
| ലബോറട്ടറി | | 1 എണ്ണം |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല | 10 എണ്ണം |
| കമ്പ്യൂട്ടർ ലാബ് | 1 എണ്ണം | 1 എണ്ണം |
| ലാപ്ടോപ്പ് | 1 എണ്ണം | 2 എണ്ണം |
| ലാപ്ടോപ്പ് | | |
| (അധ്യാപകർക്ക്) | 8 എണ്ണം | 4 എണ്ണം |
| ലൗഡ് സ്പീക്കർ | | |
| (അധ്യാപകർക്ക്) | 1 എണ്ണം | 12 എണ്ണം |
| ക്ലാസ് ലൈബ്രറി | ഇല്ല | 10 എണ്ണം |
| പ്ലേ ഗ്രൗണ്ട് | ഉണ്ട് | |
| കോർട്ടുകൾ | ഇല്ല | |
| ഗെയിം ഉപകരണങ്ങൾ | ഉണ്ട് | |

## സാമൂഹിക സാഹചര്യം

**സാമൂഹിക സാഹചര്യങ്ങളിൽ മാറ്റങ്ങൾ വന്നു തുടങ്ങിയെങ്കിലും ഇനിയും കൂടുതൽ മാറ്റങ്ങൾ ഉൾകൊ ണ്ടാലേ വിദ്യാഭ്യാസരംഗത്ത് പുരോഗതി ഉണ്ടാകുകയുള്ളൂ. മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ അക്കാ ദമിക മാസ്റ്റർ പ്ലാനിൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ഉചിതമായ രീതി യിൽ നടപ്പിലാക്കിയാൽ സാമൂഹിക പുരോഗതി കൈവരിക്കാനും പഠനരംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാനും സാധിക്കും.**

അക്കാദമിക വിലയിരുത്തൽ

തീരത്തെ വിദ്യാലയമായതിനാൽ ഇവിടത്തെ ഭൂരിഭാഗം വിദ്യാർത്ഥികളും മലത്തൊഴിലാളിക ഇടെ കുളികളാണ് പഠനരംഗത്ത് ചില വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ നിലവാരം പിന്നോക്കവാണ്. സ്കൂളിന്റെ ആരംഭകാലം മുതൽ തന്നെ ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്

തുടർന്ന് ഓരോ കാലഘട്ടത്തിലും വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പരിപാടികൾ കള വീതിയിൽ ഇവിടെ നടത്തിവരുന്നു. ക്ലാസ്സ് ലൈബ്രറി, സ്കൂൾ നൈബ്രറി, വായനാമൂല എന്നിവ കാര്യക്ഷമമായി നടന്നു. വരുന്നു. കുട്ടികളുടെ പഠനപുരോഗതി എല്ലാ ടേമിലും പരീക്ഷകൾക്കു ശേഷം രക്ഷിതാക്കളെ മേഖാമൂലം അറിയിക്കാറുണ്ട്.

കമ്മ്യൂണിക്കേഷൻ ഇംഗ്ലീഷിൽ ഈ വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും നല്ല നിലവാരം പുലർത്തുന്നു. വിവിധ മത്സര പരീക്ഷകളിലും ക്വിസ്സ് മത്സരങ്ങളിലും വിദ്യാർത്ഥികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടാറുമുണ്ട്.

നേട്ടങ്ങൾ

1. കഴിഞ്ഞ വർഷങ്ങളിൽ നിരക്ഷരമായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകിയ തിന്റെ ഫലമായി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എഴുതാനും വായിക്കാനും അവർക്ക് സാധിച്ചു.

2. ഉച്ചഭക്ഷണത്തിലെ പച്ചക്കറികൾ, മുട്ട പാൽ ധാന്യങ്ങൾ തുടങ്ങിയവ കുട്ടികളുടെ ശാരീരി കവും മാനസികവുമായ വളർച്ചക്ക് കാരണമാവുകയും അവ പഠനനേട്ടങ്ങൾക്ക് കാരണ മാവുകയും ചെയ്തു.

3. തീരദേശകിണറുകളിൽ ഉപ്പുവെള്ള വർദ്ധനവിനെകുറിച്ച് സർവ്വേ നടത്തുകയും കാരണ ങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾക്കായി ദേശവാസികൾക്കായി ക്ലാസ്സുകൾ നടത്തു കയും ചെയ്തു.

4. വർഷങ്ങളായി തുടർന്നു വരുന്ന കടലാമ സംരക്ഷണ പദ്ധതിയുടെ തുടർ പ്രവർത്തന ങ്ങൾ സജീവമായി തുടർന്നു കൊണ്ടിരിക്കുന്നു.

5. പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം കണ്ടൽ ചെടികൾ നട്ടുപിടിപ്പിച്ചു കൊണ്ടിരിക്കുന്നു.

6. കഴിഞ്ഞ കുറെ വർഷങ്ങളായി ആശുപത്രി വളപ്പിൽ പച്ചക്കറികൾ ഉദ്പാദിപ്പിക്കുകയും അവ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു

# ബേസിക് സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കൃഷി - പരിചയപ്പെടുത്തൽ - വീട്ടിൽ കൃഷിത്തോട്ടമുണ്ടാക്കൽ - കൃഷിയോട് ആഭിമുഖ്യം വളർത്തൽ | സ്കൂളിൽ ചെറിയ കൃഷിത്തോട്ടമുണ്ടാക്കൽ, വിവിധ ജൈവവളങ്ങൾ, ജൈവകീടനാശിനി നിർമ്മാണം, കർഷകനുമായുള്ള അഭിമുഖം, സംയോജിത കൃഷിത്തോട്ട സന്ദർശനം. | 2 മാസം | സയൻസ് ടീച്ചർ, ഇക്കോ ക്ലബ്ബ് |
| ചുറ്റുപാടുകളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള ശാസ്ത്രപഠനം | സസ്യങ്ങൾ (ഔഷധസസ്യങ്ങൾ - കർക്കിടകം ദശപുഷ്പങ്ങൾ) പരിചയപ്പെടൽ ഔഷധഉദ്യാനം നിർമ്മിക്കൽ, മലിനീകരണം - മാലിന്യനിർമ്മാർജ്ജനം - ഓരോ മാലിന്യവും തരംതിരിച്ച് waste ബിന്നിൽ നിക്ഷേപിക്കൽ - സ്കൂൾ പരിസരം വൃത്തിയാക്കൽ, വീട്ടിൽ Dry day ആചരിക്കൽ, പ്ലാസ്റ്റിക് നിർമ്മാർജ്ജനം<br>- ശലഭോദ്യാന നിർമ്മാണം - ജൂൺ 5 തല മരങ്ങളും - വിവിധയിനം ചെടികൾ നട്ടുപിടിപ്പിക്കൽ | വർഷം മുഴുവൻ | സയൻസ് ടീച്ചർ, ഇക്കോ ക്ലബ്ബ് |

| | | | |
|---|---|---|---|
| | നിരീക്ഷണം, പരിചരണം, ക്ലാസ്മുറിയിലെ പരിസ്ഥിതി പുസ്തകങ്ങൾ | | |
| ആവാസം - അവയിൽ ഓരോ ജീവിയുടെയും പ്രാധാന്യം | ചർച്ച, നിരീക്ഷണകുറിപ്പ് തയ്യാറാക്കൽ, ഫീൽഡ് ട്രിപ്പ്, പുഴ, കാവ്, കണ്ടൽകാട് സന്ദർശനം ജൂലൈ 26 - കണ്ടൽദിനം - കണ്ടൽക്കാടിന്റെ പ്രാധാന്യത്തിനെക്കുറിച്ച് ക്ലാസ്സ്.. | ജൂൺ, ജൂലൈ, ഓഗസ്റ്റ് | സയൻസ് ടീച്ചർ |
| ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ. | ലാബ് സജ്ജീകരണം, ഉപകരണനിർമ്മാണശില്പശാല | ആഗസ്റ്റ്- സെപ്റ്റംബർ | റിസോഴ്സ് പേഴ്സൺ |
| പരീക്ഷണങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | അക്കാദമിക വർഷം | സയൻസ് ടീച്ചർ, സയൻസ് ക്ലബ്ബ് |
| നിർമ്മാണം | ജൈവകീടനാശിനി, മണ്ണിരക്കമ്പോസ്റ്റ്, ഖരമാലിന്യ സംസ്കരണം, ശുചിത്വവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്ലാസ്റ്റിക് വേസ്റ്റിൽ നിന്നും കരകൗശലവസ്തുനിർമ്മാണം | അക്കാദമിക വർഷം | സയൻസ് ടീച്ചർ റിസോഴ്സ് പേഴ്സൺ |

മേഖല - യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | • **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം - അധ്യാപകർ | | |
| | • **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ. | | |
| | • **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | • **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | |
|---|---|---|---|---|---|
| 2) | **വാർത്താവായന:** | | | | |
| | • നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | • പ്രതിമാസം | • മലയാളം ക്ലബ്ബ്. | | |
| | • അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | • മലയാളം ക്ലബ്ബ്. | • മലയാളം ക്ലബ്ബ് | |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി വിദ്യാർത്ഥികളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:** | | | | |
| | • സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സന്ദർഭങ്ങളും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | • വർഷത്തിൽ രണ്ട് പ്രാവശ്യം | • ഹെഡ്മിസ്ട്രസ്<br>• മലയാളം അധ്യാപകർ | • പി.ടി.എ | |
| | • മുഴുവൻ വിദ്യാർത്ഥികളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാസിക തയ്യാറാക്കുന്നു. | • വർഷാവസാനം | • മലയാളം അധ്യാപകർ. | • മലയാളം ക്ലബ്ബ്. | |

അടിസ്ഥാന ഗണിതം = മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഗണിത ലാബ്<br>ഗണിതത്തിലെ പ്രവർത്തനങ്ങൾ. സ്വയം ചെയ്യുന്നതിലൂടെ കൂടുതൽ എളുപ്പമാവും. അതുവഴി കുട്ടികൾക്ക് ഗണിതം രസകരമാക്കുന്നതിനും വേണ്ടി. | ജൂലായ് മുതൽ പ്രവർത്തനങ്ങൾ തുടങ്ങുന്നു. ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി വിദഗ്ദരുടെ നേതൃത്വത്തിൽ ശില്പശാലകൾ നടത്തുന്നു. | ജൂലൈ മുതൽ | SRG ഗണിത ക്ലബ്ബ്. | 5000 |
| ഗണിത പാർക്ക്<br>ഗണിതപഠനം രസകരമാക്കാനും ഗണിതപ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനും സ്കൂളിന് മുന്നിൽ ഒരു ഗണിത പാർക്ക് | സെപ്തംബർ മുതൽ പ്രവർത്തനം തുടങ്ങുന്നു. സാമഗ്രികളുടെ നിർമ്മാണത്തിനായി വിദഗ്ദരുടെ സഹായം തേടുന്നു. | ഒരുവർഷം | ഗണിത ക്ലബ്ബ് | 10,000 |

| | | | | |
|---|---|---|---|---|
| ഗണിതത്തിലെ അടിസ്ഥാന ക്രിയകളായ സംഖ്യാബോധം, ചതുഷ്ക്രിയകൾ, ലഘുപ്രായോഗിക പ്രശ്നങ്ങളുടെ അപഗ്രഥനം എന്നീ മേഖലകളിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | പ്രീടെസ്റ്റ്, അവലോകനം മൊഡ്യൂൾ രൂപീകരണം ജൂൺ മുതൽ ഫെബ്രുവരി വരി വെള്ളിയാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും 9:30 മുതൽ 10:30 വരെ വർക്ക് ഷീറ്റുകൾ നൽകുന്ന മറ്റു സാധ്യതകൾ ഉപയോഗിച്ച് പരിഹാര ബോധന ക്ലാസ്സ്. | ജൂൺ മുതൽ ഫെബ്രുവരി വരെ | SRG | |
| ഗണിത ചിന്തകളിലും പ്രയോഗ ശേഷിയിലും നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ശേഷം പദ്ധതികളിലൂടെ പ്രതിഭകളാക്കി വളർത്തിയെടുക്കുക. | USS, Numats, ശാസ്ത്രക്വിസ് തുടങ്ങിയവയിലേക്ക് കുട്ടികളെ പ്രാപ്തരാക്കാൻ പ്രത്യേക പരിശീലനം. രാവിലെ 9:30 മുതൽ 10:30 വരെ. ഉച്ചഭക്ഷണ ഇടവേള. | ജൂലൈ മുതൽ ഫെബ്രുവരി വരെ. | SRG ഗണിത ക്ലബ്ബ്. | |

| Sl No | REGION (മേഖല) | ACTIVITIES (പ്രവർത്തനങ്ങൾ) | DURATION കാലയളവ് | DUTY ചുമതല | BENEFICIARIES ഗുണഭോക്താക്കൾ | Financial സാമ്പത്തിക |
|---|---|---|---|---|---|---|
| 1. | To speak, Read and write English. | Pre test:<br>To check the reading and writing skills of learners.<br>Provides activities that can improve children's English language skills.<br>(Vijayabehri Vijayasparsam classes) | June - March | Teachers & Students | 5, 6, 7 class students | - |
| | To develop listening and speaking ~~reading~~ skills | Listening skills:<br>- Games<br>- Conversation<br>- Skit<br>- Stories | June - August | Teachers & Students | 5, 6, 7 class Students | - |

| No. | | | | | ries | Finan |
|---|---|---|---|---|---|---|
| 2. | | speaking skills :<br>- Picture Description<br>- Self introduction.<br>- Identify the naming words and action words from the given pictures.<br>Activities like speech, quiz, riddles, self intro-duction should be conduct.<br>- English Assembly. | " | " | " | " |
| 3 | Develop the creative speaking and writing of learners | - Newspaper reading<br>- Library books reading<br>- Find out the rhyming words<br>- Text book activities.<br>- Make word web<br>- Picture description<br>- spelling contest<br>- Reading contest | september-october | Teachers & students | 5, 6, 7 class students. | —<br>5000 |

| No | Objectives | Activities | | Duty | Beneficiaries | Finance |
|---|---|---|---|---|---|---|
| 4. | To express the thoughts and feelings of learners. | - Conduct speech (Different topics)<br>- share different experiences<br>- Diary writing<br>- story developing<br>- conversation | October - November | Teachers & Students | 5, 6, 7 class students | - |
| 5. | Develop the speaking, reading and writing. | - News paper reading contest<br>- Book review<br>- Conduct skit<br>- Develop story<br>- Letter writing | December - February | " | " | - |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം യു.പി

പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷിക്കാനും നിരീക്ഷിക്കാനും അപഗ്രഥിക്കാനും നിഗമനങ്ങളിൽ എത്തി ചേരുവാനുമുള്ള സാമൂഹ്യബോധം വളർത്തുകയാണ് ഈ മാസ്റ്റർ പ്ലാൻ കൊണ്ട് ഉദ്ദേശിക്കുന്നത്.

## പൊതു ലക്ഷ്യങ്ങൾ

* താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ പ്രശ്നങ്ങൾ വിമർശനാത്മകമായി വിലയിരുത്തി നിലപാടുകൾ സ്വീകരിക്കുവാനുള്ള കഴിവ് വർധിപ്പിക്കുക.
* ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതികാവബോധവും കുട്ടികളിൽ വളർത്തുക
* കുട്ടികളിൽ നേതൃത്വ പാടവും ജനാധിപത്യബോധവും ഭരണഘടനാ മൂല്യങ്ങൾ, മതേതര മനോഭാവം, സമത്വം എന്നീ ബോധങ്ങൾ വളർത്തുക
* ചരിത്ര പ്രധാന ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുമുള്ള ധാരണ നൽകുക
* പൗരധർമ്മം മനസ്സിലാക്കുക

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ, തിരഞ്ഞെടുപ്പിൽ പങ്കാളിയാവൽ | സ്കൂൾ പാർലമെന്റ് നാമനിർദ്ദേശ പത്രിക പ്രചരണം, പോളിംഗ് ബാലറ്റ്. എന്നിങ്ങനെ ജനാധിപത്യ ക്രമമനുസരിച്ച് വോട്ടെടുപ്പ് നടത്തി സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. പാർലമെന്റ് സമ്മേളനം നടത്തുന്നു. | ജൂലൈ | | SRG, SS ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| ചരിത്രപ്രധാന ദിവസങ്ങളെ കുറിച്ചും ആഘോഷങ്ങളെ കുറിച്ചുമുള്ള ധാരണ ഉണ്ടാകുന്നതിന് | ഒരു അധ്യയന വർഷത്തെ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാന ദിവസങ്ങളുടെ പട്ടിക<br><br>ആഗസ്റ്റ് 6 – ഹിരോഷിമ ദിനം<br>ആഗസ്റ്റ് 9 – നാഗസാക്കി ദിനം<br>ക്വിറ്റ് ഇന്ത്യാ ദിനം<br>ആഗസ്റ്റ് 15 – സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ 5 – ദേശീയ അധ്യാപക ദിനം<br>ഒക്ടോബർ 2 – ഗാന്ധി ജയന്തി<br>അന്താരാഷ്ട്ര അഹിംസാ ദിനം<br>നവംബർ 1 – കേരളപ്പിറവി<br>നവംബർ 26 – ദേശീയ ഭരണഘടനാ ദിനം<br>ജനുവരി 26 – റിപ്പബ്ലിക് ദിനം | ഒരു വർഷം | | SRG<br>SS ക്ലബ്ബ് |

ആമുഖം:- ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല. ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ യു.പി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്തിലെ ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക വൈവിധ്യവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്ന് തരുന്നത്.

കേവലം ഒരു പാഠ്യ വിഷയത്തിനപ്പുറം അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാമെന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. നവീനമായ പഠനരീതികളുടെ സഹായത്തോടെ അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനോടൊപ്പം അറബി സംസ്കാരത്തെയും പാരമ്പര്യത്തെ കുറിച്ചും ആഴത്തിൽ മനസ്സിലാക്കാനും സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

## വിഷൻ (Vision)

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയ പരവുമായ പ്രാധാന്യം മനസ്സിലാക്കി അടിസ്ഥാന പരമായ ഭാഷാ ശേഷികൾ ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

## മിഷൻ (Mission)

നവീനമായ പഠന തന്ത്രങ്ങളിലൂടെയും സാങ്കേതിക വിദ്യയുടെ സഹായത്തോടെയും അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാ പഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ. Key objectives

1. ശബ്ദ ജ്ഞാനം: അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദ സമ്പത്ത് വികസിപ്പിക്കൽ: അടിസ്ഥാന പരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുക.
3. സംഭാഷണ ശേഷി:- ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക
4. വായനാ ശേഷി:. ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക
5. എഴുത്തു ശേഷി: അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ: അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.

## പഠനരീതികൾ:

1. സംവേദനാത്മക പഠനം: ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.
2. കളിയിലൂടെ പഠനം: ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.
3. ദൃശ്യ-ശ്രാവ്യ പഠനം: ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.
4. കഥ പറച്ചിൽ: ലളിതമായ അറബി കഥകൾ കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.
5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ: വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.
6. സാങ്കേതിക വിദ്യയുടെ ഉപയോഗം: ഭാഷാ പഠനത്തിനുള്ള അപ്ലിക്കേഷനുകൾ, ഓൺലൈൻ നിഘണ്ടുകൾ എന്നിവ പരിചയപ്പെടുത്തുക.
7. ആശയ വിനിമയത്തിലൂന്നിയ പഠനം: ഭാഷയെ ആശയ വിനിമയത്തിനുള്ള ഉപാധിയായി കണ്ട് സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

## മൂല്യനിർണയം.

* തുടർച്ചയായ മൂല്യനിർണ്ണയം: ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
* ഫോർമേറ്റീവ് മൂല്യനിർണയം: ക്വിസ്സുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ, എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
* സമ്മേറ്റീവ് മൂല്യനിർണയം: വാർഷിക പരീക്ഷകളിലൂടെയും, പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

## പഠന സാമഗ്രികൾ.

* പാഠ പുസ്തകങ്ങൾ.
* ഓഡിയോ വിഷ്വൽ സാമഗ്രികൾ. (Audeo, vedeo, Picture, flash card...)
* അറബിക് കഥ പുസ്തകങ്ങൾ. (ലളിതമായവ.)
* നിഘണ്ടുകൾ. (Arabic-Malaylam, Arabic-English)
* കളിപ്പാട്ടങ്ങളും ഗെയിമുകളും.
* ഡിജിറ്റൽ പഠന സഹായികൾ. (ആപ്പുകൾ, വെബ്സൈറ്റുകൾ)

## പ്രവർത്തന കലണ്ടർ.

* ആഴ്ചതോറും :- സംഭാഷ ക്ലാസുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
* മാസത്തിലൊരിക്കൽ :- അറബി ഗാനം, കഥ അവതരണം, ചെറിയ ക്വിസ്സ്, റോൾ പ്ലേ.
* അധ്യായന വർഷത്തിൽ :- അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം, പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

## പ്രതിബന്ധങ്ങളും പരിഹാരങ്ങളും.

∴ വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപര്യക്കുറവ്.

=> പരിഹാരം: രസകരമായ പഠന രീതികൾ, കളിയിലൂടെ പഠനം. പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.

∴ വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

=> പരിഹാരം: ഡിജിറ്റൽ സാമഗ്രികൾ ഉപയോഗിക്കുക.

∴ വെല്ലുവിളി: അറബി ഭാഷ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കാനുള്ള സാഹചര്യങ്ങളുടെ അഭാവം.

=> പരിഹാരം: സ്കൂളിൽ അറബി ക്ലബ്ബുകൾ രൂപീകരിക്കുക, അറബി ഭാഷാ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ലളിതമായ അറബി സംഭാഷണങ്ങൾ ക്ലാസിൽ പ്രോത്സാഹിപ്പിക്കുക.

മേഖല: അക്കാദമികം : ഉപമേഖല: [redacted] ഉറവിടം: പ്രവർത്തനരേഖ

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| ✡ പഠന പ്രക്രിയ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ<br>✡ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ആവിഷ്കാരത്തിനും പ്രകടനത്തിനും പ്രയോഗത്തിനും അവസരമൊരുക്കൽ | ഹ്രസ്വകാലം<br>പ്രശസ്ത വ്യക്തികളുടെ [illegible] കൾ ഓരോ മാസത്തെയും [illegible] പഠന സാമഗ്രികൾ [illegible] ഓരോ ക്ലാസ്സിലും [illegible] മാസവും യൂണിറ്റ് [illegible] മാസവും<br>• ക്വിസ് മത്സരം<br>• മാതൃക സർവ്വേകൾ<br>• മാതൃക സർവ്വേകൾ<br>• [illegible] ശേഖരണം<br>• ഫീൽഡ് ട്രിപ്പ്<br>മധ്യകാലം<br>യൂണിറ്റ് തല പഠനസാമഗ്രികൾ | 6 മാസം | | പി. ടി. [illegible] | 5000 |

ഉപജില്ലാ ഉത്സവം

| മേഖല: അക്കാദമിക പ്രവർത്തനങ്ങൾ | സമയം | ക്ലാസ് | ചുമതല | ലക്ഷ്യം |
| --- | --- | --- | --- | --- |
| കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീ ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 5,6,7 | അധ്യാപകർ | കുട്ടികൾക്ക് പഠനത്തിൽ ഉണർവ് നൽകുന്ന ദിശ ബോധിനി പ്രവർത്തനങ്ങൾ ഓരോ മേഖലയിലുമുള്ള കുട്ടികളെയും വിലയിരുത്തി, അവരുടെ കഴിവിനെയും മാനസികാവസ്ഥയും പരിഗണിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തന പാക്കേജ്. |
| കുട്ടികൾക്ക് പഠനത്തിൽ ഉണർവ് നൽകുന്ന ദിശ ബോധിനി പ്രവർത്തനങ്ങൾ ഓരോ മേഖലയിലുള്ള കുട്ടികളെയും വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും പരിഗണിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 5,6,7 | അധ്യാപിക | |

# പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : ഐ ടി അധിഷ്ഠിത പഠനം

ലക്ഷ്യം

1. എല്ലാ അധ്യാപകരെയും ഐ ടി അധിഷ്ഠിത ബോധനത്തിന് പ്രാപ്തരാക്കുക
2. എല്ലാ കുട്ടികളെയും ഐ ടി സാക്ഷരരാക്കുക
3 ഐടി യിലൂടെ പഠനം രസകരവും ലളിതവുമാക്കുക

| പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ കമ്പ്യൂട്ടർ ഉപയോഗിക്കേണ്ട രീതി , ഉബണ്ടുവിലെ വിവരങ്ങൾ എൽ സി ഡി പ്രൊജക്ടർ ഉപയോഗിക്കുന്ന വിധം ഇന്റർനെറ്റ് ഉപയോഗം .<br><br>ഹ്രസ്വകാലം<br><br>1. കമ്പ്യൂട്ടറുകളുടെ പ്രാഥമിക വിവരങ്ങൾ മനസ്സിലാക്കൽ<br>2. ഗെയിമുകളും സോഫ്റ്റ് വെയറുകളും പരിചയപ്പെടൽ<br>2. ഇംഗ്ലീഷ് ടൈപ്പിങ്ങ്<br>3. മലയാളം ടൈപ്പിങ്ങ് | 6 മാസം | കമ്പ്യൂട്ടറുകൾ | ഐടി ടീച്ചർ<br>അധ്യാപകർ | |

# പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം
ഉപമേഖല : കായിക വിദ്യാഭ്യാസം

2. ഹ്രസ്വകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|---|
| ഗെയിംസ് മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ | വോളീബോൾ ക്യാമ്പ്, ഫുട്ബോൾ ക്യാമ്പ് കബഡി ക്യാമ്പ് ഖോ ഖോ ക്യാമ്പ് | 20 ദിവസം | കായികാധ്യാപകൻ | 10000 | പഞ്ചായത്ത് എസ്സ് എസ്സ് എ |
| സ്പോർട്ട്സിനോടും ഗെയിംസിനോടും താൽപര്യം കായികക്ഷമത CWSN കുട്ടിൽക്ക് പരിഗണന | ക്യാമ്പ് | 10 ദിവസം | കായികാധ്യാപകൻ | 5000 | പിടിഎ |
| വിവിധ കോർട്ടുകൾ പരിചയപ്പെടൽ | ഫീൽഡ് ട്രിപ്പ് | 10 ദിവസം | കായികാധ്യാപകൻ | 10000 | പഞ്ചായത്ത് |

# പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : കായിക വിദ്യാഭ്യാസം

2. ദീർഘകാല പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | സ്രോതസ്സ് |
|---|---|---|---|---|---|
| അച്ചടക്കം സദാകമ്പം ഇല്ലായ്മ | സ്കൂൾ അസംബ്ലി | ആഴ്ചയിൽ 3 ദിവസം | എല്ലാ അദ്ധ്യാപകരും | | |
| ജീവി ശൈലീ രോഗങ്ങളിൽ നിന്നും മാനസിക പിരിമുറുക്കത്തിൽ നിന്നും മോചനം, ശ്വാസോച്ഛ്വാസം കാര്യക്ഷമമാക്കൽ | യോഗാസനം | ആഴ്ചയിൽ ഒരു ദിവസം | കായികാദ്ധ്യാപകൻ | 5000 | പി ടി എ |
| ഓരോകുട്ടിക്കും കായിക ബാലപാഠം എത്തിക്കൽ | പ്രത്യേകമായ ക്ലാസ്സ് | എല്ലാ ദിവസവും | കായികാദ്ധ്യാപകൻ | – | – |

3. മധ്യകാലപ്രവർത്തനങ്ങൾ

| | | | | | |
|---|---|---|---|---|---|
| സ്പോർട്ട്സ് ,ഗെയിംസ് എന്നിവയിൽ മികവ് | ഒന്നിടവിട്ട ദിവസങ്ങളിൽ പ്രത്യേക പരിശീലനം | 12 മാസം | എച്ച് എം , കായികാധ്യാപകൻ പ്രത്യേക പരിശീലകൻ | 5000 | പി ടി എ , പഞ്ചായത്ത് |
| സ്പോർട്ട്സ് കൗൺസിലിംഗ് | സ്പോർട്ട്സിലും, ഗെയിംസിലും പ്രഗത്ഭരെ ഉൾപ്പെടുത്തി ക്ലാസ്സ് | ജൂലൈ മാസം | കായികാധ്യാപകൻ പ്രഗത്ഭർ | 5000 | പഞ്ചായത്ത് |

# പ്രവർത്തനങ്ങൾ

മേഖല : അക്കാദമികം

ഉപമേഖല : പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പഠനത്തോടൊപ്പം വിവിധ കൈത്തൊഴിലുകളിൽ പരിശീലനം.<br><br>മാലിന്യങ്ങളുടെ പുനരുപയോഗം<br><br>ചിന്ത ഭാവന എന്നിവയുടെ വികസനത്തിന് അവസരം<br><br>1. ഹ്രസ്വകാലം | സ്കൂൾ പരിസരത്ത് വിവിധ പ്രവൃത്തി പരിചയ ഇനങ്ങൾ അറിയുന്ന വ്യക്തികളുടെ പട്ടികതയ്യാറാക്കൽ<br>ഏകദിനപരിശീലനം<br>ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറ്ക്കൽ<br>വിദഗ്ധരെ ഉൾപ്പെടുത്തി പരിശീലനം<br>മികവുറ്റതാക്കൽ<br>1. കുട മെഴുകുതിരി ചോക്ക്<br>2. ചന്ദനത്തിരി നിർമ്മാണം<br>3 പേപ്പർ ക്രാഫ്റ്റ്<br>4.സോപ്പുനിർമ്മാണം | 3 മാസം | സ്കൂളിൽ നിലവിലുള്ള അച്ചുകൾ ചിട്ടപ്പെടുത്തൽ<br><br>അസംസ്കൃത വസ്തുക്കൾ | പിടിഎ | |

# അനുബന്ധം

പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി ഓരോവിദ്യാലയവും അവിടുത്തെ മാനുഷിക ഭൗതിക സാമ്പത്തിക മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ നല്ലരീതിയിലുള്ള പ്ലാനിങ്ങിലൂടെയാണ് നടപ്പിലാകുന്നത് ലഭ്യമായവിഭവങ്ങൾ മികച്ചരീതിയിൽ ഉപയോഗപ്പെടുത്തുമ്പോൾ ഒരു വിദ്യാലയം മികച്ചതായി തീരുന്നു.

ലൈബ്രറിവികസനവും ഉപയോഗവും ഡിജിറ്റൽ ലാബുകൾ, ഗണിത - ശാസ്ത്രി- സാമൂഹ്യശാസ്ത്രി ലാബു കൾ, ഐ.സി.ടി പ്രവർത്തനമാതൃകകൾ, നവമാധ്യമങ്ങളുടെ ഉപയോഗം ഇവയെല്ലാം നമ്മുടെ വിദ്യാലയത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതിയാണ് വിദ്യാലയമാസ്റ്റർ പ്ലാൻ.

സ്കൂളിൽ നടക്കുന്ന പാഠ്യ-പാഠ്യേതരപ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുകയും സ്കൂളിന്റെപ്രവർത്തനങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുമ്പോൾ ഈ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് നമുക്ക് സാധിക്കുകയും ചെയ്യും.

ഭാഷാപഠനം, ശാസ്ത്ര-ഗണിത-സാമൂഹ്യശാസ്ത്ര പഠനം എന്നീമേഖലകളിൽ നടപ്പിലാക്കേണ്ട പുതിയ രീതികളും കുട്ടികളുടെ സർഗ്ഗശേഷി വികസനവും പ്ലാനിങ്ങിൽ മുൻതൂക്കംനൽകേണ്ടവയാണ്. പൊതുവിദ്യാ ഭ്യാസസംരക്ഷണയജ്ഞത്തിന്റെ സന്ദേശം ഏറ്റെടുത്ത വിദ്യാലയങ്ങൾ നൽകുന്ന ആവേശകരമായ അനുഭവങ്ങൾ നമുക്ക് മാറ്റത്തിന്റെ പാതയിലൂടെ സഞ്ചരിക്കാനും അത് ഉൾക്കൊണ്ട് ഒരുപുത്തൻ വിദ്യാഭ്യാസ സംസ്ക്കാരം നാടിന് സമ്മാനിക്കാനും ഈ പ്ലാനിംഗിലൂടെ സാധ്യമാകും.

രക്ഷിതാക്കളുടെ മികച്ചകൂട്ടായ്മ നമ്മുടെ വിദ്യാലയത്തിന് അത്യാവശ്യമാണ്. സാമൂഹ്യപ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കാനും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കാനും നമുക്ക് എല്ലാവർക്കും ഒരുമിച്ച് പരിശ്രമിക്കാം